| 23–05–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – നിങ്ങൾ ഒരിക്കലും വിഘ്ന രൂപിയാകരുത്, ഉള്ളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതിനെ ഇല്ലാതാക്കൂ, ഇതാണ് സത്യമായ വജ്രമാകാനുള്ള സമയം.**

**ചോദ്യം:–** ഏത് കാര്യത്തിന്റെ കുറവ് വരുമ്പോൾ തന്നെയാണ് ആത്മാവിന്റെ മൂല്യം കുറയാൻ തുടങ്ങുന്നത്?

**ഉത്തരം:–** ആദ്യത്തെ കുറവ് വരുന്നത് അപവിത്രതയുടേതാണ്. ആത്മാവ് എപ്പോഴാണോ പവിത്രമായിട്ടുള്ളത് അപ്പോൾ ഗ്രേഡ് വളരെ ഉയർന്നതാണ്. അമൂല്യ രത്നമാണ്, നമസ്ക്കരിക്കാൻ യോഗ്യമാണ്. അപവിത്രതയുടെ അംശം പോലും മൂല്യം ഇല്ലാതാക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ബാബയ്ക്ക് സമാനം സദാ പാവനമായ വജ്രമാകണം. ബാബ വന്നിരിക്കുന്നു നിങ്ങളെ ബാബയ്ക്ക് സമാനം പവിത്രമാക്കുന്നതിന്. പവിത്രമായ കുട്ടികളെ തന്നെയാണ് ഒരു ബാബയുടെ ഓർമ്മ അലട്ടുക. അവർക്ക് ബാബയോട് മുറിയാത്ത സ്നേഹമുണ്ടായിരിക്കും. ഒരിക്കലും ആർക്കും ദുഃഖം നൽകില്ല. വളരെ മധുരമായിരിക്കും.

**ഓം ശാന്തി**. ഡബിൾ ഓം ശാന്തിയും പറയാൻ സാധിക്കും. കുട്ടികൾക്കും അറിയാം ബാപ്ദാദയ്ക്കുമറിയാം. ഓം ശാന്തിയുടെ അർത്ഥമാണ് ഞാൻ ആത്മാവ് ശാന്ത സ്വരൂപനാണ്. ഒപ്പം ശാന്തിയുടെ സാഗരൻ, സുഖത്തിന്റെ സാഗരൻ, പവിത്രതയുടെ സാഗരനായ ബാബയുടെ സന്താനമാണ്. ഏറ്റവും ആദ്യം പവിത്രതയുടെ സാഗരനാണ്. പവിത്രമാകുന്നതിൽ തന്നെയാണ് മനുഷ്യർക്ക് ബുദ്ധിമുട്ടുള്ളത്. അതുപോലെ പവിത്രമാകുന്നതിൽ വളരെ ഗ്രേഡുകളുമുണ്ട്. ഓരോകുട്ടിക്കും മനസ്സിലാക്കാൻ സാധിക്കും, ഇദ്ദേഹവും തന്റെ ഗ്രേഡ് ഉയർത്തുകയാണ്. ഇപ്പോൾ നമ്മൾ സമ്പൂർണ്ണമായിട്ടില്ല. എവിടെയെങ്കിലും എല്ലാവരിലും ഏതെങ്കിലും പ്രകാരത്തിലുള്ള, ചിലരിൽ ഒരു പ്രകാരത്തിൽ മറ്റുചിലരിൽ വേറേതെങ്കിലും പ്രകാരത്തിൽ കുറവ് തീർച്ചയായും ഉണ്ട്– പവിത്രതയിലും യോഗത്തിലും. ദേഹ–അഭിമാനത്തിൽലേക്ക് വരുന്നതിലൂടെ തന്നെയാണ് കുറവ് ഉണ്ടാകുന്നത്. കുറവ് ചിലരിൽ കൂടിയും ചിലരിൽ കുറഞ്ഞുമിരിക്കുന്നു. പല തരത്തിലുള്ള വജ്രങ്ങളുണ്ട്. അവയെ പിന്നീട് ലെൻസിലൂടെ (ഭൂതക്കണ്ണാടി) നോക്കുന്നു. അതുകൊണ്ട് എങ്ങനെയാണോ ബാബയുടെ ആത്മാവിന് മനസ്സിലാകുന്നത്, അതുപോലെ ആത്മാക്കൾക്കും (കുട്ടികൾക്കും) മനസ്സിലാകണം. ഇത് രത്നമല്ലേ. രത്നം എല്ലാം നമസ്ക്കരിക്കാൻ യോഗ്യമാണ്. മുത്ത്, മാണിക്യം, പുഷ്യരാഗം മുതലായ എല്ലാം നമസ്ക്കരിക്കാൻ യോഗ്യമാണ് അതുകൊണ്ടാണ് എല്ലാം വ്യത്യസ്തമായി വയ്ക്കുന്നത്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചല്ലേ. മനസ്സിലാക്കുന്നുണ്ട് പരിധിയില്ലാത്ത ബാബയാണ് അവിനാശി ജ്ഞാന രത്നങ്ങളുടെ വ്യപാരി, അത് ഒരാൾ മാത്രമാണ്. വ്യാപാരിയെന്നും ബാബയെ തീർച്ചയായും പറയും. ജ്ഞാന രത്നം നൽകുകയല്ലേ ഒപ്പം ഈ രഥവും വ്യാപാരിയാണ്, ഇദ്ദേഹത്തിനും രത്നങ്ങളുടെ മൂല്യം അറിയാം. ആഭരണത്തെ വളരെ നല്ല രീതിയിൽ ഭൂതക്കണ്ണാടിയിലൂടെ നോക്കുന്നു – ഇതിൽ എത്രത്തോളം കുറവുണ്ട്! ഇത് ഏത് രത്നമാണ്, എത്രത്തോളം സേവനയുക്തമാണ്? രത്നങ്ങളെ നോക്കാൻ വളെരെയധികം താത്പര്യമുണ്ടായിരിക്കും. ഇനി നല്ല രത്നമാണെങ്കിൽ വളരെ സ്നേഹത്തോടെ നോക്കും. ഇത് വളരെ നല്ലതാണ്. ഇതിനെ സ്വർണ്ണത്തിന്റെ ഡപ്പിയിൽ വയ്ക്കണം. പുഷ്യരാഗം മുതലായവയെ സ്വർണ്ണത്തിന്റെ ഡപ്പിയിൽ വയ്ക്കാറില്ല. ഇവിടെയും അതുപോലെ പരിധിയില്ലാത്ത രത്നമാകുന്നു. ഓരോരുത്തരും അവരുടെ ഹൃദയത്തെ അറിയുന്നുണ്ട് – ഞാൻ ഏത് പ്രകാരത്തിലുള്ള രത്നമാണ്? എന്നിൽ കുറവൊന്നുമില്ലല്ലോ? ഏതുപോലെയാണോ ആഭരണത്തെ നല്ല രീതിയിൽ നോക്കുന്നത്, അതുപോലെ ഓരോരുത്തർക്കും നോക്കണം. നിങ്ങൾ ചൈതന്യ രത്നങ്ങൾ തന്നെയാണ്. അതുകൊണ്ട് ഓരോരുത്തർക്കും സ്വയത്തെ നോക്കണം – ഞാൻ ഏതുവരെ മരതകമായിട്ടുണ്ട്, ഇന്ദ്രനീല മായിട്ടുണ്ട്. ഏതുപോലെയാണോ പുഷ്പങ്ങളിലും ചിലത് സദാ പനിനീർ, ചിലത് പനിനീർ, ചിലത് വേറെന്തെല്ലാമാണ്. നിങ്ങളിലും നമ്പർവൈസാണ്. ഓരോരുത്തർക്കും സ്വയത്തെ നല്ലരീതിയിൽ അറിയാൻ സാധിക്കും. സ്വയം നോക്കൂ മുഴുവൻ ദിവസവും ഞാൻ എന്ത് ചെയ്തു? ബാബയെ എത്ര ഓർമ്മിച്ചു? ഇതും ബാബ പറഞ്ഞ് തന്നിട്ടുണ്ട് ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ബാബയെ ഓർമ്മിക്കണം. ഭഗവാൻ നാരദനോട് പറഞ്ഞു – തന്റെ മുഖം നോക്കൂ. ഇതും ഒരു ദൃഷ്ടാന്തമാണ്. നിങ്ങൾ ആരെല്ലാമാണോ കുട്ടികളായിട്ടുള്ളത്, ഓരോരുത്തർക്കും സ്വയത്തെ നല്ലരീതിയിൽ നോക്കണം. പരിശോധിക്കണം ഏത് ബാബയിലൂടെയാണോ നമ്മൾ വജ്രമാകുന്നത് ആ ബാബയോട് എനിക്ക് എത്രസ്നേഹമുണ്ട്? മറ്റെവിടേക്കും വൃത്തി പോകുന്നില്ലല്ലോ? എനിക്ക് എത്രത്തോളം ദൈവീക സ്വഭാവമുണ്ട്? സ്വഭാവവും മനുഷ്യനെ വളരെയധികം ബുദ്ധിമുട്ടിക്കുന്നതാണ്. ഓരോരുത്തർക്കും

മൂന്നാം കണ്ണ് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ പരിശോധിക്കണം. എത്രത്തോളം ഞാൻ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുണ്ട്? എത്രത്തോളം എന്റെ ഓർമ്മ ബാബയുടെ അടുത്ത് എത്തിച്ചേരുന്നുണ്ട്? ബാബയുടെ ഓർമ്മയിലിരുന്ന് തീർത്തും രോമാഞ്ചമുണ്ടാകണം. എന്നാൽ ബാബ സ്വയം പറയുന്നു മായയുടെ വിഘ്നം ഇങ്ങനെയാണ് അത് സന്തോഷത്തിലേക്ക് വരാൻ അനുവദിക്കില്ല. കുട്ടികൾക്കറിയാം ഇപ്പോൾ നമ്മളെല്ലാവരും പുരുഷാർത്ഥികളാണ്. റിസൽട്ട് അന്തിമത്തിലാണ് വരിക. തന്റെ പരിശോധന നടത്തണം. കുറവുകൾ മുതലായവ ഇപ്പോൾ നിങ്ങൾക്ക് ഇല്ലാതാക്കൻ സാധിക്കും. തീർത്തും കളങ്ക രഹിത വജ്രമാകണം. അഥവ അല്പമെങ്കിലും കുറവുണ്ടെങ്കിൽ മനസ്സിലാക്കും, എന്റെ മൂല്യവും കുറവായിരിക്കും. രത്നമല്ലേ. ബാബ മനസ്സിലാക്കി തരുന്നു– കുട്ടികളെ സദാ പാവനമായ മൂല്യമുള്ള വജ്രമാകണം. പുരുഷാർത്ഥം ചെയ്യിക്കുന്നതിനായി ഭിന്ന–ഭിന്ന പ്രകാരത്തിൽ ബാബ മനസ്സിലാക്കി തരുന്നു.

(ഇന്ന് യോഗത്തിനിടയിൽ ബാബ ഗദ്ദിയിൽ നിന്നും എഴുന്നേറ്റ് സഭയിലേക്കിറങ്ങി ഓരോരോ കുട്ടിയെയും മുന്നിലെത്തി കാണുകയായിരുന്നു) ബാബ ഇന്ന് എന്തിനാണ് എഴുന്നേറ്റത്? ആരാരെല്ലാമാണ് സേവനയുക്തരായ കുട്ടികൾ? എന്ന് കാണുന്നതിന് വേണ്ടി. എന്തുകൊണ്ടെന്നാൽ പലരും ഇടകലർന്നാണ് ഇരിക്കുന്നത്. അതുകൊണ്ട് ബാബ എഴുന്നേറ്റ് ഓരോരുത്തരെയും നോക്കി – ഇവരിൽ എന്ത് ഗുണമാണുള്ളത്? ഇവർക്കെത്ര സ്നേഹമുണ്ട്? എല്ലാ കുട്ടികളും സന്മുഖത്തിരിക്കുന്നുണ്ട്, അപ്പോൾ എല്ലാവരും പ്രിയപ്പെട്ടവരായി തോന്നുണ്ട്. എന്നാൽ ഈ കാര്യം തീർച്ചയാണ് നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് തന്നെയാണ് സ്നേഹിയാകുന്നത്. ബാബയ്ക്കറിയാം ഓരോരുത്തരിലും എന്തെന്തെല്ലാം കുറവുകളാണുള്ളതെന്ന്? എന്തുകൊണ്ടെന്നാൽ ഏത് ശരീരത്തിലാണോ ബാബ പ്രവേശിച്ചിരിക്കുന്നത്, അദ്ദേഹം പോലും തന്നെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് പേരും ബാബയും ദാദയും ഒരുമിച്ചല്ലേ. അതുകൊണ്ട് ആര് എത്രയധികം മറ്റുള്ളവർക്ക് സുഖം നൽകുന്നോ, ആർക്കും ദുഃഖം നൽകുന്നില്ലയോ, അവർക്ക് മറഞ്ഞിരിക്കാൻ സാധിക്കില്ല. പനിനീരിന്, മുത്തുകൾക്ക് ഒരിക്കലും മറഞ്ഞിരിക്കാൻ സാധിക്കില്ല. ബാബ എല്ലാം തന്നെ കുട്ടികൾക്ക് മനസ്സിലാക്കി തന്ന് പിന്നീട് പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ കറ ഇല്ലാതാകും. ഓർമ്മിക്കുന്ന സമയം മുഴുവൻ ദിവസവും എന്തെല്ലാം ചെയ്തു, അതും നോക്കണം. ബാബയുടെ ഹൃദയത്തിൽ ഇത്രയും കടക്കാൻ സാധിക്കാത്ത വിധം, എന്നിൽ എന്ത് അവഗുണമാണുള്ളത്? ഹൃദയത്തിൽ എന്നാൽ സിംഹാസനത്തിൽ. അതുകൊണ്ട് ബാബ എഴുന്നേറ്റ് കുട്ടികളെ നോക്കുകയായിരുന്നു, എന്റെ സിംഹാസനധാരിയാകുന്നവർ ആരാരെല്ലാമാണ്? എപ്പോൾ സമയം സമീപം വരുന്നോ അപ്പോൾ കുട്ടികൾക്ക് പെട്ടന്ന് അറിയാൻ സാധിക്കും – ഞാൻ എത്രത്തോളം പാസ്സാകും? തോൽക്കുന്നവർക്ക് മുൻകൂട്ടി തന്നെ മനസ്സിലാക്കുന്നു എന്റെ മാർക്ക് കുറവായിരിക്കും. നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമുക്കും മാർക്ക് ലഭിക്കണം. നമ്മൾ വിദ്യാർത്ഥികളാണ്, ആരുടെ? ഭഗവാന്റെ. അറിയാം ബാബ ഈ ദാദയിലൂടെ പഠിപ്പിക്കുകയാണ്. അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കണം. ബാബ നമ്മളെ എത്ര സ്നേഹിക്കുന്നു, എത്ര മധുരമാണ്, യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല. കേവലം പറയുന്നു ഈ ചക്രത്തെ ഓർമ്മിക്കൂ. പഠിത്തം കൂടുതലൊന്നുമില്ല. ലക്ഷ്യം മുന്നിലുണ്ട്. നമുക്കിതുപോലെയാകണം. ദൈവീകഗുണങ്ങളുടെ ലക്ഷ്യമാണ്. നിങ്ങൾ ദൈവീകഗുണം ധാരണ ചെയ്ത് ഇവരെ പോലെ പവിത്രമാകുന്നു അപ്പോൾ തന്നെയാണ് മാലയിൽ കോർക്കപ്പെടുന്നത്. പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിക്കുന്നു. സന്തോഷമുണ്ടാകുന്നില്ലേ. ബാബ തീർച്ചയായും തനിക്ക് സമാനം പവിത്രവും നോളജ്ഫുളുമാക്കും. ഇതിൽ പവിത്രത, സുഖം ശാന്തി എല്ലാം വരുന്നു. ഇപ്പോൾ ആരും പരിപൂർണ്ണമായിട്ടില്ല. അന്തിമത്തിലാകണം. അതിന് വേണ്ടി പുരുഷാർത്ഥം ചെയ്യണം. ബാബയെ എല്ലാവരും സ്നേഹിക്കുന്നുണ്ട്. 'ബാബ' എന്ന് പറഞ്ഞ് ഹൃദയം തന്നെ വിടരുന്നു. ബാബയിൽ നിന്ന് എത്ര വലിയ സമ്പത്താണ് ലഭിക്കുന്നത്. ബാബയെക്കൂടാതെ മറ്റവിടേക്കും മനസ്സ് പോകില്ല. ബാബയുടെ ഓർമ്മ മാത്രം വളരെ ബുദ്ധിമുട്ടിക്കണം. ബാബ, ബാബാ, ബാബാ വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. രാജാവിന്റെ മകനാണെങ്കിൽ അവർക്ക് രാജപദവിയുടെ ലഹരി ഉണ്ടായിരിക്കില്ലേ. ഇപ്പോഴാണെങ്കിൽ രാജക്കൻമാർക്ക് അംഗീകാരമൊന്നുമില്ല. എപ്പോഴാണോ ബ്രിട്ടീഷ് ഗവൺമെന്റായിരുന്നത് അപ്പോൾ അവർക്ക് വളരെ അഗീകാരമണ്ടായിരുന്നു. എല്ലാവരും അവർക്ക് നമസ്ക്കാരം നൽകിയിരുന്നു വൈസ്റോയി ഒഴികെ. ബാക്കി എല്ലാവരും രാജാക്കൻമാരെ നമിച്ചിരുന്നു. ഇപ്പോൾ അവരുടെ ഗതി എന്തായി. ഇനി ഇവരാരും വന്ന് രാജ്യപദവി എടുക്കില്ല ഇതും നിങ്ങൾ കുട്ടികൾക്കറിയാം.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഞാൻ ഏഴകളുടെ തോഴനാണ്. പാവപ്പെട്ടവർ പെട്ടെന്ന് ബാബയെ തിരിച്ചറിയും. മനസ്സിലാക്കും ഇതെല്ലാം ബാബയുടേതാണ്. ബാബയുടെ ശ്രീമത്തിലൂടെ തന്നെ ഞങ്ങൾ എല്ലാം ചെയ്യും. ധനവാൻമാർക്കാണെങ്കിൽ അവരുടെ ധനത്തിന്റെ ലഹരി ഉണ്ടായിരിക്കും അതുകൊണ്ട്

അവർക്കിങ്ങനെപറയാൻ സാധിക്കില്ല അതുകൊണ്ട് ബാബ പറയുകയാണ് ഞാൻ ദരിദ്രനിൽ നിവസിക്കുന്നവനാണ്. ബാക്കി വലിയവരെ എടുക്കും, എന്തുകൊണ്ടെന്നാൽ വലിയവർ കാരണം പിന്നീട് പാവപ്പെട്ടവർ പെട്ടന്ന് വരും. നോക്കും ഇത്രയും വലിയ-വലിയ ആളുകൾ പോലും ഇവിടെ പോകുന്നുണ്ട്, അപ്പോൾ അവരും വരും. എന്നാൽ ദരിദ്രർ പാവങ്ങൾ വളരെ പേടിക്കുന്നു. ഒരു ദിവസം അവരും നിങ്ങളുടെ അടുത്ത് വരും. ആ ദിവസവും വരും. പിന്നീട് അവർക്ക് നിങ്ങൾ മനസ്സിലാക്കി കൊടുക്കുമ്പോൾ വളരെ സന്തോഷിക്കും. ഒറ്റയടിക്ക് ശോഭിക്കും. അവർക്ക് വേണ്ടി നിങ്ങൾ വിശേഷച്ചും സമയം മാറ്റിവയ്ക്കും. കുട്ടികളുടെ മനസ്സിൽ വരുന്നുണ്ട് നമുക്ക് എല്ലാവരെയും ഉദ്ദരിക്കണം. അവരും പഠിച്ച് വലിയ-വലിയ ഉദ്യോഗസ്ഥരാകുന്നില്ലേ. നിങ്ങളാണ് ഈശ്വരീയ മിഷൻ. നിങ്ങൾക്ക് എല്ലാവരെയും ഉദ്ദരിക്കണം. മഹിമയുമില്ലേ- ദരിദ്രയുടെ ഫലം സ്വീകരിച്ചു. വിവേകവും പറയുന്നുണ്ട് ദാനവും എപ്പോഴും ദരിദ്രർക്ക് തന്നെയാണ് നൽകേണ്ടത്, സമ്പന്നർക്കല്ല. നിങ്ങൾക്ക് മുന്നോട്ട് പോകെ ഇതെല്ലാം ചെയ്യണം. ഇതിൽ യോഗത്തിന്റെ ബലം വേണം, അതിലൂടെ അവർ ആകർഷണത്തിലേക്ക് വരും. യോഗബലം കുറവാണ് കാരണം ദേഹ-അഭിമാനമുണ്ട്. ഓരോരുത്തരും അവരവരുടെ മനസ്സിനോട് ചോദിക്കൂ- എനിക്ക് എത്രത്തോളം ബാബയുടെ ഓർമ്മയുണ്ട്? എവിടെയും ഞാൻ കുടുങ്ങിയിട്ടില്ലല്ലോ? ഇങ്ങനെയുള്ള അവസ്ഥ വേണം, ആരെ കാണുന്നതിലൂടെയും ചഞ്ചലമാകരുത്. ബാബയുടെ ആജ്ഞയാണ് ദേഹ-അഭിമാനിയാകരുത്. എല്ലാവരെയും തന്റെ സഹോദരനെന്ന് മനസ്സിലാക്കൂ. ആത്മാവിനറിയാം നമ്മൾ സഹോദര- സഹോദരങ്ങളാണ്. ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളും ഉപേക്ഷിക്കണം. അന്തിമത്തിൽ അഥവ എന്തെങ്കിലും ഓർമ്മ വരികയാണെങ്കിൽ ശിക്ഷ ലഭിക്കും. തന്റെ അവസ്ഥ ഇത്രയും ഉറച്ചതാക്കണം സേവനവും ചെയ്യണം. ഉള്ളിൽ മനസ്സിലാക്കണം - ഇങ്ങനെയുള്ള അവസ്ഥ എപ്പോൾ ഉണ്ടാക്കുന്നോ അപ്പോഴേ ഈ പദവി ലഭിക്കുകയുള്ളൂ. ബാബയാണെങ്കിൽ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു, വളരെ സേവനം അവശേഷിക്കുന്നുണ്ട്. നിങ്ങളിലും ബലം വരുമ്പോൾ അവർക്ക് ആകർഷണമുണ്ടാകും. അനേക ജന്മങ്ങളുടെ കറ പിടിച്ചിരിക്കുന്നു, ഈ ചിന്ത നിങ്ങൾ ബ്രാഹ്മണർക്ക് ഉണ്ടായിരിക്കണം. എല്ലാ ആത്മാക്കളെയും പാവനമാക്കണം. മനുഷ്യർക്ക് അറിയില്ല, ഇത് നിങ്ങളാണ് അറിയുന്നത് അതും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു, തന്റെ പരിശോധന നടത്തണം. ഏതുപോലെയാണോ ബാബ പരിധിയില്ലാത്തതിൽ നിൽക്കുന്നത്, കുട്ടികൾക്കും പരിധിയില്ലാതെ ചിന്തിക്കണം. ബാബയ്ക്ക് ആത്മാക്കളിൽ എത്ര സ്നേഹമാണുള്ളത്. ഇത്രയും ദിവസം എന്തുകൊണ്ട് ഉണ്ടായിരുന്നില്ല? എന്തുകൊണ്ടെന്നാൽ കുറവുള്ളവരായിരുന്നു. പതിത ആത്മാക്കളെ എന്ത് സ്നേഹിക്കാനാണ്. ഇപ്പോൾ ബാബ എല്ലാ ആത്മാക്കളെയും പതിതത്തിൽ നിന്ന് പാവനമാക്കാൻ വന്നിരിക്കുന്നു. അപ്പോൾ തീർച്ചയായും സ്നേഹിയാകേണ്ടി വരുന്നു. ബാബ വളരെ സ്നേഹിയാണ്, കുട്ടികളെ നന്നായി ആകർഷിക്കുന്നു. ദിനം-പ്രതിദിനം എത്രത്തോളം പവിത്രമാകുന്നോ നിങ്ങൾക്ക് വളരെ ആകർഷണമുണ്ടാകും. ബാബയിൽ വളരെ ആകർഷണമുണ്ടാകും. ഇത്രയും പിടിച്ച് വലിക്കും നിങ്ങൾക്ക് നിൽക്കാൻ സാധിക്കില്ല. നിങ്ങളുടെ അവസ്ഥ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഇങ്ങനെ ആയിതീരും. ഇവിടെ ബാബയെ കണ്ടുകൊണ്ടിരിക്കും മനസ്സിലാക്കും ഇപ്പോൾ ബാബയുടെ അടുത്തെത്തും. ഇങ്ങനെയുള്ള ബാബയിൽ നിന്ന് ഇനി ഒരിക്കലും വേറിടുകയില്ല. ബാബയ്ക്ക് പിന്നീട് കുട്ടികളുടെ ആകർഷണവുമുണ്ടാകുന്നു. ഈ കുട്ടി അദ്ഭുതമാണ്. വളരെ നല്ല സേവനം ചെയ്യുന്നു. ഹാ, കുറച്ച് കുറവുകളുമുണ്ട് എന്നാലും അവസ്ഥയനുസരിച്ച് സമയത്ത് വളരെ നല്ല സേവനം ചെയ്യുന്നുണ്ട്. ആർക്കും ദുഃഖം നൽകുന്ന കുഴപ്പം കാണുന്നില്ല. അസുഖം മുതലായവ ഉണ്ടാകുന്നുണ്ടെങ്കിൽ അതാണ് കർമ്മഭോഗ്. സ്വയം മനസ്സിലാക്കുന്നുണ്ട് ഏതുവരെ ഇവിടെ ഉണ്ടോ, എന്തെങ്കിലും ഉണ്ടായിക്കൊണ്ടിരിക്കും. ഇനി ഇദ്ദേഹം രഥമാണ് എന്നാലും കർമ്മഭോഗ് അന്തിമം വരെ അനുഭവിക്കുക തന്നെ വേണം. അല്ലാതെ ഞാനിതിൽ ആശീർവ്വദിച്ച് സുഖപ്പെടുത്തില്ല. ഇദ്ദേഹത്തിനും തന്റെ പുരുഷാർത്ഥം ചെയ്യണം. ശരിയാണ്, രഥം നൽകി, അതിന് ചെറിയ വർദ്ധനവ് നൽകും. വളരെ ബന്ധനസ്ഥർ എങ്ങനെയാണ് വരുന്നത്. യുക്തിയോടെ മുക്തമായി എങ്ങനെയാണ് വരുന്നത്, അവർക്ക് എത്രത്തോളമാണോ സ്നേഹമുള്ളത് അത്രത്തോളം സ്നേഹം മറ്റാർക്കുമില്ല. തീർത്തും സ്നേഹമില്ലാത്തവരായും നിറയെ പേരുണ്ട്. ആ ബന്ധിതകളുടെ സ്നേഹത്തോട് മറ്റൊന്നിനെയും താരതമ്യപ്പെടുത്താൻ സാധിക്കില്ല. ബന്ധിതകളുടെ യോഗവും ഒട്ടും കുറഞ്ഞതാണെന്ന് കരുതരുത്. ഓർമ്മയിൽ വളരെ കരയുന്നുണ്ട്. ബാബാ, ഓ ബാബാ, എപ്പോൾ ഞങ്ങൾ അങ്ങയെ കാണും? ബാബാ, വിശ്വത്തിന്റെ അധികാരിയാക്കുന്ന ബാബാ, അങ്ങയെ ഞങ്ങൾ എങ്ങനെ കാണും? ഇങ്ങനെ-ഇങ്ങനെയുള്ള ബന്ധിതകളുണ്ട് പ്രേമത്തിന്റെ കണ്ണുനീർ ഒഴുക്കിക്കൊണ്ടിരിക്കുന്നുണ്ട്. അവരുടേത് ദുഃഖത്തിന്റെ കണ്ണുനീരല്ല, ആ കണ്ണുനീർ സ്നേഹത്തിന്റെ മുത്തുകളായി തീരുന്നു. അതുകൊണ്ട് ആ ബന്ധിതകളുടെ യോഗം ഒട്ടും കുറഞ്ഞതല്ല. ഓർമ്മയിൽ വളരെ പിടയുന്നുണ്ട്. ഓ ബാബാ ഞങ്ങൾ അങ്ങയെ എപ്പോൾ കാണും? എല്ലാ ദുഃഖവും ഇല്ലാതാക്കുന്ന ബാബാ! ബാബ പറയുന്നു എത്ര സമയം നിങ്ങൾ ഓർമ്മയിലിരിക്കുന്നോ, അത്രയും സേവനവും ചെയ്യും,

ഇനി ബന്ധനത്തിലാണെങ്കിലും, സ്വയം സേവനം ചെയ്യാൻ സാധിക്കുന്നില്ലെങ്കിലും ഓർമ്മയുടെ വളരെയധികം ശക്തി അവർക്ക് ലഭിക്കുന്നു. ഓർമ്മയിൽ തന്നെ എല്ലാം അടങ്ങിയിട്ടുണ്ട്, പിടഞ്ഞുകൊണ്ടിരിക്കുന്നു. ബാബ ഞങ്ങൾക്ക് അങ്ങയെ കാണാൻ എപ്പോൾ അവസരം ലഭിക്കും? എത്രയാണ് ഓർമ്മിക്കുന്നത്. മുന്നോട്ട് പോകെ ദിനം പ്രതിദിനം നിങ്ങൾക്ക് ശക്തിയേറിയ ആകർഷണം ഉണ്ടായിക്കൊണ്ടിരിക്കും. സ്നാനം ചെയ്യുമ്പോഴും, കാര്യങ്ങൾ ചെയ്തുകൊണ്ടും ഓർമ്മയിൽ തന്നെ കഴിയും. ബാബാ, ഈ ബന്ധനം മുറിയുന്ന ആ ദിവസം എന്നുണ്ടാകും? പാവങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നു– ബാബാ, ഇവർ ഞങ്ങളെ വളരെ ബുദ്ധിമുട്ടിക്കുന്നു, എന്ത് ചെയ്യും? കുട്ടികളെ അടിക്കാമോ? പാപമാകില്ലല്ലോ? ബാബ പറയുന്നു ഇന്നത്തെ കുട്ടികൾ ഇങ്ങനെയാണ് ആ കാര്യം തന്നെ പറയേണ്ട! ആർക്കെങ്കിലും പതിയിൽ നിന്ന് ദുഃഖമുണ്ടാകുകയാണെങ്കിൽ ഉള്ളിൽ ചിന്തിക്കുന്നു– ഈ ബന്ധനം എപ്പോൾ മുറിയുന്നോ അപ്പോൾ ഞാൻ ബാബയെ കാണും. ബാബാ, വളരെ കടുത്ത ബന്ധനമാണ്, എന്ത് ചെയ്യും? പതിയുടെ ബന്ധനം എപ്പോൾ ഇല്ലാതാകും? ഇതുമാത്രം, ബാബാ, ബാബാ എന്ന് പറഞ്ഞുകൊണ്ടേയിരിക്കുന്നു. അവരുടെ ആകർഷണം അത് വരില്ലേ. അബലകൾ വളരെ സഹിക്കുന്നുണ്ട്. ബാബ കുട്ടികൾക്ക് ധൈര്യം നൽകുന്നു– കുട്ടികളെ, നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ എല്ലാ ബന്ധനവും ഇല്ലാതാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ പരിശോധന നടത്തണം അതായത് എന്നിൽ ഒരവഗുണവുമില്ലല്ലോ? എന്റെ ഓർമ്മ എത്രത്തോളം ബാബയുടെ അടുത്ത് എത്തിച്ചേരുന്നുണ്ട്? എന്റെ സ്വഭാവം ദൈവീക സ്വഭാവമാണോ? വൃത്തി മറ്റുവശത്തേക്ക് അലയുന്നില്ലല്ലോ?

2) ഇങ്ങനെ സ്നേഹിയാകണം ബാബയ്ക്ക് ആകർഷണമുണ്ടായിക്കൊണ്ടിരിക്കണം. എല്ലാവർക്കും സുഖം നൽകണം. സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം.

## വരദാനം:- കൂട്ടുകാരനെ സദാ കൂടെ വച്ച് സഹയോഗത്തിന്റെ അനുഭവം ചെയ്യുന്ന കമ്പയിൻഡ് രൂപധാരിയായി ഭവിക്കൂ

സദാ താങ്കളും ബാബയും ഇങ്ങനെ കമ്പയിൻഡായി കഴിയൂ മറ്റാർക്കും തന്നെ വേർപെടുത്താൻ സാധിക്കരുത്. ഒരിക്കലും സ്വയം തനിച്ചാണെന്ന് കരുതരുത്. അവിനാശീ കൂട്ടുകെട്ട് നിറവേറ്റുന്ന ബാപ്ദാദ താങ്കളുടെ കൂട്ടുകാരനാണ്. ബാബാ എന്ന് പറഞ്ഞു ബാബ ഹാജരാണ്. ഞാൻ ബാബയുടേത് ബാബ എന്റേത്. ബാബ താങ്കളുടെ ഓരോ സേവനത്തിലും സഹയോഗം നൽകുന്നതാണ് കേവലം താങ്കൾ കമ്പയിൻഡ് രൂപത്തിന്റെ ആത്മീയ ലഹരിയിൽ കഴിയൂ.

## സ്ലോഗൻ:- സേവനവും സ്വ ഉന്നതിയും രണ്ടിന്റേയും സന്തുലനമുണ്ടെങ്കിൽ സദാ സഫലത ലഭിച്ചുകൊണ്ടിരിക്കും.